

# മാമലകൾക്കപ്പുറം

ചരിത്രപരമായ മലകളിലൂടെയുള്ള യാത്ര

## ഹോറെബ് മല

Raju- Jini

ദൈവത്തിന്റെ മലയെന്നും , സീനായ് മലയെന്നും അറിയപ്പെടുന്ന ഹോറെബ് മല പഴയ നിയമത്തിൽ വളരെ പ്രാധാന്യം ഉള്ള മലകളിൽ ഒന്നാണ് . ഈജിപ്തിന്റെ അടിമത്തത്തിൽ നിന്നും ഇസ്രായേൽ ജനത്തെ കാനാൻ ദേശത്തേക്കു നയിച്ച യാത്രയിൽ മോശക്ക് ദൈവം പ്രത്യക്ഷപ്പെട്ടത് ഈ മലമുകളിൽ വച്ചാണ് . ദൈവം ആദ്യമായി മോശയെ വിളിച്ച് ദൗത്യം ഏൽപ്പിക്കുന്നതും ഇവിടെ വച്ചാണ്. (പുറപ്പാട് 3 : 1)

ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ കാനാൻ യാത്രയിൽ വളരെ പ്രധാനപ്പെട്ട സംഭവങ്ങളിൽ അധികവും നടക്കുന്നത് ഹോറെബ് മലയുടെ പശ്ചാത്തലത്തിലാണ്. പഴയ നിയമത്തിലെ പുറപ്പാട് , നിയമാവർത്തനം , 1 രാജാക്കൻമാർ എന്നീ പുസ്തകങ്ങളിൽ ഹോറെബ് മലയുമായി ബന്ധപ്പെട്ട് നിരവധി സംഭവങ്ങൾ കാണാം . ദൈവം തന്റെ ജനവുമായി ഉടമ്പടി ചെയ്തത് ഹോറെബ് മലയിൽ വച്ചാണ് (നിയമവാർത്തനം : 5 : 2) ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനമായ പത്തു പ്രമാണങ്ങൾ നല്കാൻ ദൈവം മോശയെ വിളിച്ചത് ഈ മലമുകളിലേക്കാണ് (പുറപ്പാട് : 20 , 1 രാജാക്കന്മാർ 8 : 9) മോശക്ക് രണ്ടു പ്രാവശ്യം ഉടമ്പടി പത്രിക ( ഫലകങ്ങൾ ) നൽകുന്നതും ഇവിടെ വച്ചാണ് (പുറപ്പാട് 31 : 18,34 : 29) മോശ നാല്പതു രാവും പകലും ദൈവത്തോടൊപ്പം ഇവിടെ ചിലവഴിച്ചു എന്ന് (പുറപ്പാട് 34 :28) നമ്മൾ കാണുന്നു

ഈ ജീവിതത്തിൽ നാം നെട്ടോട്ടം ഓടുമ്പോൾ , മോശയെ ഹോറെബ് മലയിലേക്കു ക്ഷണിച്ച ദൈവം നമ്മെയും എത്രയോ തവണ വിളിച്ചിരിക്കുന്നു . ഒന്ന് സ്വസ്ഥമായി , തന്റെ കൂടെ അല്പസമയം ആയിരിക്കാൻ , ഒന്ന് ശ്രവിക്കാൻ , ദൈവ സ്നേഹം അനുഭവിക്കാൻ - പക്ഷെ നമ്മൾ പല ഒഴിവു കഴിവുകളും കണ്ടെത്തുകയല്ലേ ചെയ്തിട്ടുള്ളത് ?

ഈ ലോക്ക് ഡൌൺ സമയത്ത് നമ്മുക്കും ആത്മാർത്ഥമായി ശ്രമിക്കാം - ഒരു ഹോറെബ് അനുഭവത്തിനായി - ദൈവത്തെ ഒന്ന് വ്യക്തിപരമായി അറിയാൻ . ഇസ്രായേൽ ജനത്തിനായി പ്രാർത്ഥിച്ച മോശയെപ്പോലെ (പുറപ്പാട് - 34) മാദ്ധ്യസ്ഥം പ്രാർത്ഥിക്കാൻ , ദൈവത്തിന്റെ സന്ദേശ വാഹകരാകാൻ , സർവ്വോപരി അവിടത്തെ സ്നേഹിക്കാൻ ....

‘ ഞാൻ ഞാൻ തന്നെ ’ എന്ന് സ്വയം വെളിപ്പെടുത്തിയ ദൈവം (പുറപ്പാട് 3 : 14) നമ്മെ ഓരോരുത്തരെയും വിളിക്കുമ്പോൾ നമ്മൾ ഇഷ്ടപ്പെടുന്ന ജീവിത സാഹചര്യത്തിൽ നിന്നും മാറി, അല്പം ത്യാഗം സഹിച്ച് നമ്മുടെ വ്യക്തിപരമായ ഹോറെബ് മലയിലേക്ക് കയറാം . അവിടെ ദൈവം നമ്മുക്കായി കാത്തിരിക്കുന്നു.



an initiative by Jesus Youth - Ruwi

Jesus Youth - Oman